പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3635 — 10.4.2013 ൽ മറുപടിയ്ക്ക്

ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് പ്രത്യേകം സൗകര്യങ്ങൾ ഒരുക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) പൊതുജനങ്ങൾ ഉപയോഗിച്ചു വരുന്ന എല്ലാ കെട്ടിടങ്ങളിലും ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് അനായാസം പ്രവേശിക്കുന്നതിനും തടസ്സ രഹിത സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ഒരു സമഗ്ര നയം രൂപീകരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) പദ്ധതി രൂപീകരിച്ചിട്ടില്ല. എന്നാൽ പൊതുജനങ്ങൾ ഉപയോഗിച്ചു വരുന്ന എല്ലാ കെട്ടിടങ്ങളിലും ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഉപയോഗിക്കുന്ന തരത്തിൽ (തടസ്സ രഹിത സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന്) മാറ്റുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. Scheme for Implementation of persons with Disabilities Act(SIPDA) എന്ന കേന്ദ്ര പദ്ധതി പ്രകാരമാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) പൊതു കെട്ടിടങ്ങളിൽ റാംബ്/ലിഫ്റ്റ്, ഹാന്റ് റെയിൽ സൗകര്യം ഏർപ്പെടുത്തുക, ടോയ്ലറ്റ് ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് കൂടി ഉപയോഗിക്കത്തക്ക രീതിയിലാക്കുക, പ്രവേശന കവാടത്തിനരികിൽ തന്നെ പാർക്കിംഗ് ക്രമീകരണം ഒരുക്കുക എന്നിവയാണ് SIPDA യുടെ ഉദ്ദേശ്യം. |
| (സി) ആരുടെയെല്ലാം പങ്കാളിത്തത്തോടും സഹകരണത്തോടെയുമാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) എല്ലാ സർക്കാർ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും സംയുക്തമായ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പിൻ കീഴിലെ ഭൂരിഭാഗം സ്ഥാപനങ്ങളും ബാരിയർ ഫ്രീ ആക്കിയിട്ടുണ്ട്. അവശേഷിക്കുന്ന സ്ഥാപനങ്ങൾ ഇത്തരത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) ഇതിന് എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) നിലവിലുള്ള പൊതു കെട്ടിടങ്ങളിൽ അംഗപരിമിതർക്ക് തടസ്സ രഹിത സഞ്ചാര പഥം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുതുതായി പണിയുന്ന കെട്ടിടങ്ങളിലും അംഗപരിമിതർക്ക് തടസ്സ രഹിത സഞ്ചാര പഥം ആക്കണമെന്നുള്ളത് അതാത് വകുപ്പുകൾ ഉറപ്പുവരുത്തുന്നുണ്ട്. നിലവിലുള്ള കെട്ടിടങ്ങൾ |

| | |
|---|---|
| | ബാരിയർ ഫ്രീയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. അംഗപരിമിതർക്ക് തടസ്സ രഹിത സഞ്ചാര പഥം ഉറപ്പാക്കുന്നതിനായി സംസ്ഥാന വികലാംഗ കമ്മീഷണർ ബന്ധപ്പെട്ട വകുപ്പ് പ്രതിനിധികളെ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികളും സെമിനാറുകളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ